"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സിനി.എൻ.വി., ജൂനിയർ കൺസൽട്ടന്റ് (ഒഫ്ത്താൽമോളജി) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1193/2024 മേലുള്ള 29.07.2024-ലെ ഉത്തരവ് -അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2481/2024/H&FWD തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-

1. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1193/2024 മേലുള്ള 29.07.2024 തീയതിയിലെ ഉത്തരവ്.
2. ഡോ.സിനി.എൻ.വി. സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത അപ്പീൽ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 31.08.2024-ലെ DHS/18766/2024-EB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജൂനിയർ കൺസൽട്ടന്റ് (ഓഫ്ത്താൽമോളജി) തസ്തികയിലെ 2024 ലെ പൊതുസ്ഥലംമാറ്റത്തിൽ കൊല്ലം ജില്ലാ ആശുപത്രിയിൽ ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റായി സേവനമനുഷ്ഠിച്ചിരുന്ന ഡോ.സിനി. എൻ.വി -യെ പത്തനംതിട്ട ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയിരുന്നു. ടി നിയമനത്തിനെതിരെയാണ് ഡോ.സിനി.എൻ.വി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA 1193/2024 ഫയൽ ചെയ്തിട്ടുള്ളത്. ഒന്നാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുൻപാകെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അപേക്ഷകക്ക് നിർദ്ദേശം നൽകിക്കൊണ്ടും, ടി അപ്പീൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം (1) ഉത്തരവ് പ്രകാരം ബഹു:ട്രൈബ്യൂണൽ ഹർജി തീർപ്പാക്കിയിരുന്നു.

2. ഡോ.സിനി.എൻ.വി പരാമർശം (2) പ്രകാരം ഒന്നാം എതിർകക്ഷി മുൻപാകെ അപ്പീൽ സമർപ്പിച്ചിരുന്നു. ടിയാരി 2024 ലെ പൊതുസ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റത്തിനായി അപേക്ഷ

സമർപ്പിച്ചിരുന്നതായും താലൂക്ക് ആസ്ഥാന ആശുപത്രി , പുനലൂർ , ജനറൽ ഹോസ്പിറ്റൽ, അടൂർ , താലൂക്ക് ആസ്ഥാന ആശുപത്രി, കരുനാഗപ്പള്ളി , താലൂക്ക് ആസ്ഥാന ആശുപത്രി, കൊട്ടാരക്കര എന്നിവയാണ് ടിയാൻ അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്ന ഓപ്ഷനുകളെന്നും കരട് സ്ഥലംമാറ്റ പട്ടികയിൽ ഡോ.സിനി.എൻ.വി.യെ ടിയാളുടെ 4-ാം ഓപ്റ്റഡ് സ്റ്റേഷൻ ആയ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കാണ് സ്ഥലംമാറ്റത്തിന് ഉത്തരവായിരുന്നതെന്നും എന്നാൽ തുടർന്ന് വന്ന സ്ഥലംമാറ്റ ഉത്തരവിൽ ടിയാരിക്ക് പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്കാണ് സ്ഥലംമാറ്റം നൽകിയിരുന്നതെന്നും ധാരാളം ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനാൽ പത്തനംതിട്ട ജില്ലയിലെ സ്ഥലംമാറ്റം വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും, ടിയാളുടെ ജൂനിയർ ആയ മെഡിക്കൽ ഓഫീസർമാർക്ക് ജില്ലയിൽ തന്നെ തുടർന്നും നിയമനം നൽകിയിട്ടുള്ളതായും അപ്പീൽ അപേക്ഷയിൽ ആരോപിച്ചിരുന്നു.

3. പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

17/02/2021 മുതൽ കൊല്ലം ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഓഫ്ത്താൽമോളജി) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.സിനി.എൻ.വി 2024 പൊതുസ്ഥലമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. താഴെപ്പറയുന്ന സ്ഥാപനങ്ങളിലേക്കായിരുന്നു ടിയാരി ഓപ്ഷനുകൾ സമർപ്പിച്ചിരുന്നത്.

1. താലൂക്കാസ്ഥാന ആശുപത്രി, പുനലൂർ

2 ജനറൽ ആശുപത്രി, അടൂർ

4 താലൂക്കാസ്ഥാന ആശുപത്രി, കരുനാഗപ്പള്ളി

4.താലൂക്കാസ്ഥാന ആശുപത്രി, കൊട്ടാരക്കര

ഒന്നാമത്തെ ഓപ്ഷൻ ആയ പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് സ്ഥലമാറ്റം നൽകിയത് 03/02/2021-മുതൽ പത്തനംതിട്ട അടൂർ ജനറൽ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.അഞ്ജലി.എസ്.ആർ. നും, രണ്ടാമത്തെ ഓപ്ഷൻ ആയ അടൂർ ജനറൽ ആശുപത്രിയിൽ നിയമനം നൽകിയത് 01/03/2020-മുതൽ പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.മാത്യു ജോർജ്ജിനും ആണെന്നും, 31/05/2022-മുതൽ കരുനാഗപ്പള്ളി താലൂക്കാസ്ഥാന ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഹേമ ഭാസ്കർ പ്രസ്തുത സ്ഥാപനത്തിൽ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത

സ്ഥാപനത്തിലേക്ക് ഡോ.സിനി-ക്ക് സ്ഥലംമാറ്റം നൽകുവാൻ നിർവാഹമില്ല എന്നും 08/03/2019-മുതൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.രേഖ.ആർ.-നാണ് കൊട്ടാരക്കര താലൂക്കാസ്ഥാന ആശുപത്രിയിൽ നിയമനം നൽ കിയിരുന്നതെന്നും, ഡോ.സിനി.എൻ.വി. കരട് പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ സമർപ്പിച്ച മെഡിക്കൽ റെക്കോർഡ്സ് പൊതുസ്ഥലമാറ്റത്തിനായുള്ള 25-02-2017 ലെ GO(P) 3/2017/P&ARD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള മുൻഗണനാക്രമത്തിൽപ്പെടുന്നതല്ല എന്നും, സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരമല്ല പൊതുസ്ഥലമാറ്റത്തിലെ അപേക്ഷകൾ പരിഗണിക്കുന്നതെന്നും പൊതുസ്ഥലമാറ്റത്തിനായുള്ള മേൽ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചാണ് ഡോ.സിനി.എൻ.വി.-ക്ക് പൊതുസ്ഥലമാറ്റം നൽകിയിരിക്കുന്നതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം സ്വദേശിയായ ഡോ.സിനി.എൻ.വി.-ക്ക് ടിയാരി ഓപ്റ്റ് ചെയ്യാത്ത സ്ഥാപനമായ പത്തനംതിട്ട ജനറൽ ആശുപത്രിയിലാണ് നിയമനം നൽകിയിരിക്കുന്നത്. ഡോ.സിനി.എൻ.വി.-ക്ക് നിരവധി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെന്ന് പരാമർശം (2) അപ്പീൽ അപേക്ഷയിൽ പറഞ്ഞിട്ടുണ്ട്. ടിയാളെക്കാൾ സർവ്വീസ് ജൂനിയറായ മെഡിക്കൽ ഓഫീസർമാർക്കാണ് ടിയാൾ ഓപ്റ്റ് ചെയ്ത സ്ഥാപനങ്ങളിൽ നിയമനം നൽകിയതെന്ന് അപ്പീലിൽ പറയുന്നു. എന്നാൽ, സ.ഉ (അച്ചടി) നം.3/2017/ഉഭവ തീയതി 25.02.2017 പ്രകാരം പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കപ്പെടുന്നത് സർവ്വീസ് സീനിയോരിറ്റി അല്ല മറിച്ച് സ്റ്റേഷൻ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഡോ.സിനി.എൻ.വി.-യെക്കാൾ സ്റ്റേഷൻ സീനിയോരിറ്റിയുള്ള മെഡിക്കൽ ഓഫീസർമാർക്കാണ് ടിയാൾ ഓപ്റ്റ് ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിയമനം നൽകിയിട്ടുള്ളത്. കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്കാണ് അന്തിമ ഉത്തരവിൽ സ്ഥലംമാറ്റം അനുവദിച്ചിരിക്കുന്നതെന്നും ഡോ.സിനി.എൻ.വി. അപ്പീൽ അപേക്ഷയിൽ ആരോപിക്കുന്നുണ്ട്. എന്നാൽ കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിക്കപ്പെടുന്നത് സ്ഥലമാറ്റ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിനും, യോഗ്യരായവർക്ക് നിയമനം നൽകാൻ വിട്ടുപോയിട്ടുള്ള സാഹചര്യത്തിൽ സമർപ്പിക്കപ്പെടുന്ന അപ്പീലുകൾ പരിശോധിച്ച് ടി ഉദ്യോഗസ്ഥർക്ക് അന്തിമ പട്ടികയിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതിനുമായിട്ടാണ്. ഡോ.സിനി.എൻ.വി. ഓപ്റ്റ് ചെയ്തിരിക്കുന്ന സ്റ്റേഷനിലെല്ലാം തന്നെ ടിയാളെക്കാൾ സ്റ്റേഷൻ സീനിയോരിറ്റിയുള്ള മെഡിക്കൽ

ഓഫീസർമാരെയാണ് നിയമിച്ചിരിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമായിട്ടുള്ള സാഹചര്യത്തിലും, നിലവിൽ മെഡിക്കൽ ഓഫീസർക്ക് ഓപ്ഷനിൽ നിയമനം നൽകുവാൻ സാധിക്കാത്തതിനാലും കൂടാതെ, മെഡിക്കൽ ഓഫീസർക്ക് ഓപ്റ്റ് ചെയ്യാത്ത സ്ഥാപനത്തിലേയ്ക്കാണ് നിലവിൽ നിയമനം നൽകിയിരിക്കുന്നത് എന്നതിനാലും, ആരോഗ്യ പ്രശ്നങ്ങൾ നിരവധിയുള്ള ആളാണെന്ന അപ്പീൽ അപേക്ഷയിലെ വിവരം കണിക്കിലെടുത്തുകൊണ്ട് മെഡിക്കൽ ഓഫീസർ സ്ഥലംമാറ്റത്തിനായി ഓപ്ഷൻ സമർപ്പിച്ച സ്ഥാപനങ്ങളിൽ ഏറ്റവും ആദ്യം ഉണ്ടാകുന്ന ഒഴിവിൽ ടിയാൾക്ക് നിയമനം നൽകുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഡോ.സിനി.എൻ.വി. ഫയൽ ചെയ്ത OA 1193/2024-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (1) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട.
ഡോ.സിനി.എൻ.വി, ജൂനിയർ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) , താലൂക്ക് ആസ്ഥാന ആശുപത്രി, പത്തനംതിട്ട,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Anupama G Nair
Date: 18-10-2024 15:03:21

മേലെഴുത്ത് കത്ത് നം. ഇബി4-18766/24/ ആവധ തീയതി 21/10/24
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും
തുടർനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി.

21/10/24